**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3233** **25-10-2021 - ൽ മറുപടിയ്ക്ക്**

**ടൈപ്പിസ്റ്റ് തസ്തികയിലെ അനധികൃത നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പിൽ എഫ്.ടി.എം. തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരെ ടൈപ്പിസ്റ്റ് തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമിക്കുവാൻ സാധിക്കുമോ; ഇതിനായി പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | പൊ.വി.(എൻ) വകുപ്പിന്റെ 17.3.2015-ലെ 20723/ എൻ.1/2014/പൊ.വി.വ. നമ്പർ കത്ത് പ്രകാരം വിദ്യാഭ്യാസ വകുപ്പിലെ ഫുൾടൈം മീനിയൽ 1966-ലെ ലാസ്റ്റ് ഗ്രേഡ് വിശേഷാൽ ചട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ഉ.ഭ.പ. വകുപ്പിന്റെ 3/1/2014 ലെസ.ഉ.(പി)നം.1/2014/ ഉ.ഭ.പ.വ. 19/07/2014ലെ സ.ഉ.(പി) നം. 21/2014/ഉ.ഭ.പ.വ. ഉത്തരവുകൾ പ്രകാരമുള്ള തസ്തികമാറ്റ നിയമനം നൽകുന്നതിനായി തയ്യാറാക്കുന്ന സംയോജിത സീനിയോരിറ്റി ലിസ്റ്റിൽ ടി ജീവനക്കാരേയും ഉൾപ്പെടുത്തു ന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി.ക്ലാർക്ക്/ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% അതത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ( സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ഉൾപ്പടെ) യോഗ്യതയുടെയും സീനിയോരിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം നൽകുന്നതിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൽനിന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (3/1/2014 ലെ സ.ഉ.(പി)നം.1/2014/ ഉ.ഭ.പ.വ. 19/07/2014ലെ സ.ഉ.(പി) നം.21/2014/ഉ.ഭ.പ.വ.) പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു. |
| (ബി) | ആലപ്പുഴ ജില്ലയിൽ എഫ്.ടി.എം. തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരിയെ ഡി.ഡി.ഇ. ഓഫീസ് ഉത്തരവിലൂടെ അനധികൃതമായി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് മാറ്റി നിയമിച്ചത് പൊതു വിദ്യാഭ്യാസ വകുപ്പിന്റെയും, സർക്കാരിന്റെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ ഒരു ഉത്തരവ് പുറപ്പെടുവിക്കാനുള്ള സാഹചര്യം എന്തെന്ന് വിശദീകരിക്കാമോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ബന്ധപ്പെട്ടവർക്ക് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ പരാതികളിൽ | (ബി) | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ ഉത്തരവ് പ്രകാരം ആലപ്പുഴ ജില്ലയിലും എഫ്.ടി.എം. ജീവനക്കാർക്ക് സീനിയോ രിറ്റിയുടെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം അനുവദിച്ചിട്ടുണ്ട്. പൊ.വി.(എൻ) വകുപ്പിന്റെ 17.3.2015-ലെ 20723/എൻ.1/2014/പൊ.വി.വ. നമ്പർ കത്ത് പ്രകാരം വിദ്യാഭ്യാസ വകുപ്പിലെ ഫുൾടൈം മീനിയൽ 1966-ലെ ലാസ്റ്റ് ഗ്രേഡ് വിശേഷാൽ ചട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ഉ.ഭ.പ. വകുപ്പിന്റെ മേൽ സൂചിപ്പിച്ച ഉത്തരവുകൾ |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | | പ്രകാരമുള്ള തസ്തികമാറ്റ നിയമനം നൽകുന്നതിനായി തയ്യാറാക്കുന്ന സംയോജിത സീനിയോരിറ്റി ലിസ്റ്റിൽ ടി ജീവനക്കാരേയും ഉൾപ്പെടുത്തു ന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 10 ശതമാനം റേഷ്യോ പ്രൊമോഷൻ നൽകുന്നതിനായി ഇത് സംബന്ധിച്ച് ശ്രീമതി. ബിന്ദു കെ യുടെ പരാതി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. കൂടാതെ ശ്രീമതി ബിന്ദു കെ. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. നം. 239/2021ൻമേലുള്ള 01.02.2021-ലെ ഉത്തരവിന്റെ അടിസ്ഥാന ത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ശ്രീമതി.ബിന്ദുവിനെ ഓൺലൈൻ മുഖേന കേൾക്കുകയും, ശ്രീമതി. ബിന്ദു, ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവർ സമർപ്പിച്ച വിശദാംശങ്ങളുടെ അടിസ്ഥാന ത്തിൽ, പരാതി പരിശോധിച്ച് 03.09.2021-ലെ സി2-7541/ 2021/ഡി.ജി.ഇ. നമ്പർ ഉത്തരവ് പ്രകാരം തീർപ്പാക്കിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (സി) | നിയമവിരുദ്ധമായ ഈ നിയമനം റദ്ദാക്കാനും, ഇത്തരമൊരു ഉത്തരവ് പുറപ്പെടുവിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാനും സർക്കാർ തയ്യാറാകുമോ; ഇതിന്റെ വിശദവിവരം ലഭ്യമാക്കുമോ? | (സി) | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ ഉത്തരവ് പ്രകാരം ആലപ്പുഴ ജില്ലയിലും എഫ്.ടി.എം. ജീവനക്കാർക്ക് സീനിയോരിറ്റിയുടെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം അനുവദിച്ചിട്ടുണ്ട്. പൊ.വി.(എൻ) വകുപ്പിന്റെ 17.3.2015-ലെ 20723/എൻ.1/2014/പൊ.വി.വ. നമ്പർ കത്ത് പ്രകാരം വിദ്യാഭ്യാസ വകുപ്പിലെ എൾടൈം മീനിയൽ 1966-ലെ ലാസ്റ്റ് ഗ്രേഡ് വിശേഷാൽ ചട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ഉ.ഭ.പ. വകുപ്പിന്റെ മേൽ സൂചിപ്പിച്ച ഉത്തരവുകൾ പ്രകാരമുള്ള തസ്തികമാറ്റ നിയമനം നൽകുന്നതിനായി തയ്യാറാക്കുന്ന സംയോജിത സീനിയോരിറ്റി ലിസ്റ്റിൽ ടി ജീവനക്കാരേയും ഉൾപ്പെടുത്തു ന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 10 ശതമാനം റേഷ്യോ പ്രൊമോഷൻ നൽകുന്നതിനായി ഇത് സംബന്ധിച്ച് ശ്രീമതി. ബിന്ദു കെ യുടെ പരാതി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. കൂടാതെ ശ്രീമതി ബിന്ദു കെ. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. നം. 239/2021ൻമേലുള്ള 01.02.2021-ലെ ഉത്തരവിന്റെ അടിസ്ഥാന ത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ശ്രീമതി.ബിന്ദുവിനെ ഓൺലൈൻ മുഖേന കേൾക്കുകയും, ശ്രീമതി. ബിന്ദു, ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവർ സമർപ്പിച്ച വിശദാംശങ്ങളുടെ അടിസ്ഥാന ത്തിൽ, പരാതി പരിശോധിച്ച് 03.09.2021-ലെ സി2-7541/ 2021/ഡി.ജി.ഇ. നമ്പർ ഉത്തരവ് പ്രകാരം |

| | | | |
|---|---|---|---|
| | | | തീർപ്പാക്കിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്—ജീവനക്കാര്യം— വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി.ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% അതാതു വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് (സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ഉൾപ്പെടെ) യോഗ്യതയുടേയും, സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം നൽകുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്

സ.ഉ.(പി) നം.1/2014/ഉ.ഭ.പ.വ. തിരുവനന്തപുരം, തീയതി 03.01.2014

പരാമർശം:— 1) 10.01.1974 -ലെ സ.ഉ. (പി) നം. 11/1974/പി.ഡി.
2) 05.04.2010 - ലെ സ.ഉ. (പി) നം. 12/2010/ഉ.ഭ.പ.വ.
3) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 28.11.2013 - ലെ AV(1) 21245/2013/GW നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം, പി.എസ്.സി. നടത്തുന്ന മത്സര പരീക്ഷയിൽ 40 ശതമാനത്തിൽ കുറയാതെ മാർക്ക് ലഭിക്കുന്ന സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വരുമാനക്കാരായ ജീവനക്കാർക്കായി, എൽ.ഡി. ടൈപ്പിസ്റ്റ്, എൽ.ഡി.ക്ലാർക്ക്, ടൈപ്പിസ്റ്റ് ക്ലാർക്ക്, കോപ്പിയിസ്റ്റ് എന്നീ ക്ലാസ് III തസ്തികകളിലെ 5% ഒഴിവുകൾ, ബൈട്രാൻസ്ഫർ നിയമനം നൽകുന്നതിനായി സംവരണം ചെയ്തിട്ടുണ്ട്. തുടർന്ന് 2006 - ലെ ശമ്പള പരിഷ്കരണ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ, പരാമർശം രണ്ടിലെ ഉത്തരവ് പ്രകാരം മേൽ പ്രസ്താവിച്ച 5% ക്വാട്ട, 10% ആക്കി ഉയർത്തി നൽകിയിട്ടുണ്ട്.

2. പരാമർശിത ഉത്തരവുകൾക്ക് പുറമെ, നിലവിൽ റവന്യു, തദ്ദേശ സ്വയംഭരണം, പൊതുഭരണം, ആസൂത്രണ സാമ്പത്തിക കാര്യം, തൊഴിൽ എന്നീ വകുപ്പുകളിൽ നിന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പ്രകാരം

ക്ലാസ്സ് IV ജീവനക്കാർക്ക് യോഗ്യതയുടേയും, സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ ക്ലാസ്സ് III തസ്തികകളിലേക്ക് (പബ്ലിക് സർവ്വീസ് കമ്മീഷന്റെ by transfer appointment വഴിയല്ലാതെ) വകുപ്പു തലത്തിൽ എൽ.ഡി. ക്ലാർക്കായി നിയമനം നൽകി വരുന്നുണ്ട്. ഇത്തരത്തിൽ ഒരേ റാങ്ക്ലിസ്റ്റിൽ നിന്ന് നിയമിതരാകുന്ന ജീവനക്കാർക്ക് പല തരത്തിലുള്ള പ്രൊമോഷൻ/ബൈട്രാൻസ്ഫർ സാധ്യതകൾ ഉണ്ടാകുന്നത് വിവേചനപരമാണ് എന്നതിനാൽ ഇക്കാര്യത്തിൽ ഒരു ഏകീകരണം ആവശ്യമാണ് എന്ന് സർക്കാർ കണ്ടെത്തിയതിനെ തുടർന്ന് സർക്കാരിന്റെ എല്ലാ വകുപ്പുകളിലെയും ക്ലാസ് IV ജീവനക്കാർക്കു പുറമെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുള്ള താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടേയും, സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ ക്ലാസ് III തസ്തികകളായ എൽ.ഡി.ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് 10% തസ്തികമാറ്റം നൽകുന്നതിന്മേൽ താൽക്കാലിക തീരുമാനം കൈകൊണ്ട് ആയതിന്മേൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടിയിരുന്നു.

3. വിവിധ വകുപ്പുകളിലെ ക്ലാസ് IV ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ടിട്ടുള്ള താഴ്ന്ന വിഭാഗം ജീവനക്കാർക്കും അതതു വകുപ്പുകളിലെ എൽ.ഡി.സി., എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് 10% വകുപ്പുതലത്തിൽ ബൈട്രാൻസ്ഫർ നിയമനം നൽകുന്നതുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശം കമ്മീഷൻ വിശദമായി പരിശോധിക്കുകയും '10%' എന്നത് '5%' എന്ന ഭേദഗതിയോടെ പ്രസ്തുത നിർദ്ദേശത്തോട് യോജിക്കുവാൻ തീരുമാനിക്കുകയും ചെയ്തതായി കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ പരാമർശം 3 മുഖേന സർക്കാരിനെ അറിയിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 05.04.2010 - ലെ സ.ഉ. (പി) നം. 12/2010/ഉ.ഭ.പ.വ. പ്രകാരം കേരളപബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന എൽ.ഡി.ക്ലാർക്ക്/ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് അതാത് വകുപ്പുകളിലെ ക്ലാസ്സ് IV / സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർ എന്നിവർക്ക് പി.എസ്.സി. മുഖേന നിലവിൽ അനുവദിച്ചിട്ടുള്ള 10 % തസ്തികമാറ്റത്തിന് പുറമെ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും (എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകളുടെ

ശമ്പളത്തേക്കാൾ താഴ്ന്ന ശമ്പളസ്കെയിലിലുള്ളവർ) തസ്തികമാറ്റം വഴി അതാതു വകുപ്പിലെ എൽ. ഡി.ക്ലാർക്ക്, എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിലേയ്ക്ക് കൂടി യോഗ്യതയുടേയും, സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ, കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം മറികടന്ന്, തസ്തിക മാറ്റം അനുവദിച്ചു നൽകുന്നതിന് താഴെ പറയുന്ന വ്യവസ്ഥകളോടെ ഉത്തരവാകുന്നു.

i. തസ്തികമാറ്റം ലഭിക്കുവാനർഹരായ ജീവനക്കാർ താഴ്ന്ന തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ചിരിക്കണം.

ii. ടി ജീവനക്കാർ താഴ്ന്ന തസ്തികയിൽ/തസ്തികകളിൽ 3 വർഷം സേവനം പൂർത്തീകരിച്ചിരിക്കണം.

5. എൽ.ഡി.ക്ലാർക്ക്/ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേക്ക് സീനിയോറിറ്റിയുടേയും, യോഗ്യതയുടേയും അടിസ്ഥാനത്തിൽ ഏതെങ്കിലും വകുപ്പിൽ 10 ശതമാനത്തിലധികം വകുപ്പുതല ബൈട്രാൻസ്ഫർ നിയമനത്തിന് സ്പെഷ്യൽ റൂൾ പ്രകാരമോ എക്സിക്യൂട്ടീവ് ഉത്തരവു പ്രകാരമോ നിലവിൽ വ്യവസ്ഥയുണ്ടെങ്കിൽ ടി നിയമനം 10 ശതമാനമായി അതാതു ഭരണ വകുപ്പുകൾ നിജപ്പെടുത്തേണ്ടതും സ്പെഷ്യൽ റൂളിൽ അടിയന്തിരമായി ആവശ്യമായ ഭേദഗതി വരുത്തേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ഇ. കെ. ഭരത് ഭൂഷൺ
ചീഫ് സെക്രട്ടറി

എല്ലാവകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/
എല്ലാ ജില്ലാകളക്ടർമാർക്കും

നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/
സെക്ഷനുകൾക്കും

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/ അഡീഷണൽ
സെക്രട്ടറിമാർക്കും/ ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/
അണ്ടർ സെക്രട്ടറിമാർക്കും

ഗവർണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം)

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)

അഡ്വക്കേറ്റ് ജനറൽ, എറണാകുളം/ തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, (ആമുഖ കത്ത് സഹിതം)

കേരള നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/ ഡെപ്യൂട്ടി സ്പീക്കറുടെ
പ്രൈവറ്റ് സെക്രട്ടറിക്ക്

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/എല്ലാ മന്ത്രിമാരുടെയും
പ്രൈവറ്റ് സെക്രട്ടറിമാർക്കും

പൊതുഭരണ (എസ്.സി) വകുപ്പ്

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്

വിവരപൊതുജനസമ്പർക്ക (Web & New media) വകുപ്പ് (പ്രചാരണത്തിന്)

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (അഡ്വൈസ്-എ,ബി,സി) വകുപ്പുകൾ

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

# കേരള സർക്കാർ

സംഗ്രഹം

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്—ജീവനക്കാര്യം—3-1-2014-ലെ സ. ഉ. (പി) 1/14/ഉ.ഭ.പ.വ. ഉത്തരവിന് സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്

**സ. ഉ. (പി) നമ്പർ 21/2014/ഉ.ഭ.പ.വ.** **തിരുവനന്തപുരം, 2014 ജൂലൈ 19.**

---

*പരാമർശം:—* സ. ഉ. (പി) നമ്പർ 1/2014/ഉ.ഭ.പ.വ. തീയതി 3-1-2014.

### ഉത്തരവ്

വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനത്തിലേക്ക് അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടേയും, സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം നൽകുന്നത് സംബന്ധിച്ച് പരാമർശം 1 പ്രകാരം, സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചതിനെ തുടർന്ന് ഇക്കാര്യത്തിൻമേൽ നിരവധി സംശയങ്ങൾ വിവിധ തലങ്ങളിൽ നിന്നും ഉയർന്ന് വന്ന സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1-ലെ ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് താഴെ പറയുന്ന സ്പഷ്ടീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) എല്ലാ നിയമനാധികാരികളും അതാത് വകുപ്പിലെ ജില്ലാതലത്തിലുള്ള എൽ.ഡി.സി./എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളുടെ cadre strength നിജപ്പെടുത്തി ഉത്തരവായതിനുശേഷം മാത്രമേ 3-1-2014-ലെ സ.ഉ.(പി)1/14/ഉ.ഭ.പ.വ. നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ നടപ്പിലാക്കാൻ പാടുള്ളൂ.

GCPT. 3/3176/2014/S-21.

(ii) 3-1-2014-ലെ സ.ഉ. (പി) 1/2014/ഉ.ഭ.പ.വ. ഉത്തരവ് പ്രകാരമുള്ള നിയമനങ്ങൾ ജില്ലാതലത്തിലാണ് നടത്തേണ്ടത്.

(iii) തസ്തികമാറ്റ നിയമനത്തിനായുള്ള സീനിയോറിറ്റി ജില്ലാതലത്തിലുള്ള entry cadre-ലെ സംയോജിത സീനിയോറിറ്റി ലിസ്റ്റിന്റെ (പാർട്ട് ടൈം തസ്തികകൾ ഒഴികെ) അടിസ്ഥാനത്തിലാണ് പരിഗണിക്കേണ്ടത്.

(iv) ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ നിയമിക്കപ്പെടുന്നവർക്ക് സീനിയോറിറ്റിയും നിയമനാർഹതയും അവരുടെ ഓപ്റ്റഡ് ജില്ലയിലായിരിക്കും.

(v) ജില്ലാതല ഓഫീസുകളില്ലാത്ത വകുപ്പുകളിൽ Regional Office ഉണ്ടെങ്കിൽ അതാത് റീജിയണൽ ഓഫീസിന്റെ പരിധിയിലുള്ള ജില്ലകളിലെ ഫീഡർ കാറ്റഗറികളുടെ സംയോജിത Seniority ആണ് കണക്കാക്കേണ്ടത്.

(vi) നിലവിൽ എൽ.ഡി.സി./എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്നതും റിപ്പോർട്ട് ചെയ്യാത്തതും ആയ ഒഴിവുകളിൽ ആദ്യത്തെ ഒഴിവ് 3-1-2014-ലെ സ.ഉ.(പി) 1/14/ഉ.ഭ.പ.വ. പ്രകാരമുള്ള തസ്തികമാറ്റം വഴിയുള്ള വകുപ്പുതല നിയമനത്തിനായി മാറ്റിവയ്ക്കേണ്ടതും തുടർന്നുള്ള 9 ഒഴിവുകൾ (നിയമാനുസൃതം ആശ്രിത നിയമനം, അന്തർജില്ലാ സ്ഥലംമാറ്റം തുടങ്ങിയവയ്ക്ക് നീക്കിവയ്ക്കേണ്ട ഒഴിവുകൾ ഒഴികെ) പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(vii) LDC/LD Typist തസ്തികകളുടെ എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത് കഴിഞ്ഞ വകുപ്പുകളിൽ ടി തസ്തികകളിൽ ആദ്യം ഉണ്ടാകുന്ന ഒഴിവ് തസ്തികമാറ്റത്തിനായി നീക്കിവയ്ക്കേണ്ടതും തുടർന്ന് ഉണ്ടാകുന്ന 9 ഒഴിവുകൾ (നിയമാനുസൃതം ആശ്രിത നിയമനം, അന്തർജില്ലാ സ്ഥലംമാറ്റം തുടങ്ങിയവയ്ക്ക് നീക്കിവയ്ക്കേണ്ട ഒഴിവുകൾ ഒഴികെ) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(viii) ഈ പ്രക്രിയ ഓരോ വകുപ്പിലെയും എൽ.ഡി.സി./എൽ.ഡി. ടൈപ്പിസ്റ്റിന്റെ cadre strength-ന്റെ 10 ശതമാനത്തിൽ ഈ പ്രകാരമുള്ള തസ്തികമാറ്റ നിയമനം എത്തിച്ചേരുന്നതുവരെ തുടരേണ്ടതും തുടർന്ന് cadre strength-ന്റെ 10 ശതമാനത്തിൽ ടി നിയമനങ്ങൾ നിലനിർത്തേണ്ടതുമാണ്. ഒരു സാഹചര്യത്തിലും പ്രസ്തുത നിയമനം cadre strength-ന്റെ 10 ശതമാനം അധികരിക്കാൻ പാടുള്ളതല്ല.

3. ഈ സ്പഷ്ടീകരണ ഉത്തരവിനു മുമ്പായി 3-1-2014-ലെ ഉത്തരവ് പ്രകാരം തസ്തികമാറ്റ നിയമനം നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത നിയമനങ്ങൾ ഈ സ്പഷ്ടീകരണത്തിന്റെ അടിസ്ഥാനത്തിൽ ക്രമപ്പെടുത്തേണ്ടതാണ്.

[illegible] മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

5. 3-1-2014-ലെ ഉത്തരവ് പ്രകാരം തസ്തിക മാറ്റ നിയമനം നൽകിയ വകുപ്പുകൾ ഉൾപ്പെടെ എല്ലാ ബന്ധപ്പെട്ട വകുപ്പുകളും ഇക്കാര്യത്തിന്മേൽ അതാത് സ്പെഷ്യൽ റൂൾസിൽ അടിയന്തിരമായി ഭേദഗതി വരുത്തേണ്ടതാണെന്നും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. അജയകുമാർ,
സെക്രട്ടറി.

എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/ എല്ലാ ജില്ലാകളക്ടർമാർക്കും.

നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/ സെക്ഷനുകൾക്കും.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/ അണ്ടർ സെക്രട്ടറിമാർക്കും.

ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ (ആമുഖ കത്ത് സഹിതം).

കേരള നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.

വിവര പൊതുജനസമ്പർക്ക (Web & New Media) വകുപ്പ് (പ്രചാരണത്തിന്).

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്വൈസ്-എ, ബി, സി) വകുപ്പുകൾ.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

---

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

( സാന്നിധ്യം:ബിജുമോൻ ജോസഫ് )

വിഷയം:പൊതുവിദ്യാഭ്യാസം ജീവനക്കാര്യം -ശ്രീമതി.ബിന്ദു.കെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. നം:239/2021 ലുള്ള 1/2/2021 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

പരാമർശം:1. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെഒ.എ.നം.239/2021 ലെ 1/2/2021 ലെ നമ്പർ വിധിന്യായം.

2. ശ്രീമതി.ബിന്ദു.കെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ 30-11-2020 ലെ അപേക്ഷ .

3.ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 31/5/2021,31/8/2021 തീയതികളിലെ എ6/3540/2021 നമ്പർ റിപ്പോർട്ടുകൾ.

ഉത്തരവ് നമ്പർ സി2/7541/2021/ ഡി.ജി.ഇ തീയതി:3/9/2021

ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 7/9/2020 ലെ എ6/893/2019 നമ്പർ ഉത്തരവ് പ്രകാരം കായംകുളം ഉപജില്ലാ വിദ്യാഭ്യാസ ആഫീസിലെ എഫ്.ടി.എം ആയിരുന്ന ശ്രീമതി.റഷീദ കുഞ്ഞിനു തസ്തികമാറ്റം വഴി ടൈപ്പിസ്റ്റ് തസ്തികയിൽ മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിയമനം നൽകിയതിനെതിരായി ആലപ്പുഴ എസ്.എൽ.പുരം ജി.എസ്.എം.എം ഗവ:എച്ച്.എസ്.എസിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീമതി.കെ.ബിന്ദു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണല് മുമ്പാകെ ഫയൽ ചെയ്ത ഒ.എ.നം.239/2021 ലെ 1/2/2021 തീയതിയിലെ വിധിന്യായത്തിൽ രണ്ടാം കക്ഷിയായ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ഉചിതമായ തീരുമാനമെടുക്കാൻ നിർദേശിച്ചിരുന്നു. ആയത് പ്രകാരം ബന്ധപ്പെട്ട കക്ഷികളെ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സീനിയര് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ 26/8/2021 ന പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിന് പ്രകാരം ഓൺലൈൻ വഴി ഹിയറിംഗ് നടത്തുകയുണ്ടായി . പ്രസ്തുത ഹിയറിംഗിൽ പരാതിക്കാരിയായ ശ്രീമതി.ബിന്ദുവിനു വേണ്ടി അഡ്വ:രാജശേഖരൻ നായർ ,ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലെ സീനിയർ ക്ലാർക്കായ ശ്രീ.നൗഷാദ് എന്നിവർ പങ്കെടുത്തു.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 3/1/14 ലെ സ.ഉ.(പി) 1/2014 ഉ.ഭ.പ.വ ;19/7/2014 ലെ സ.ഉ.(പി) 21/2014ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവുകളിൽ അതാത് വകുപ്പുകളിലെ ക്ലാസ് IV/സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വരുമാനക്കാരായ ജീവനക്കാർക്കായി (എൽ.ഡി.ക്ലാർക്ക് , എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയുടെ ശമ്പളത്തേക്കാൾ താഴ്ന്ന സ്കെയിലിൽ ഉള്ളവർ) 10% ഒഴിവുകളിലേക്ക് യോഗ്യതയുടെയും സീനിയോരിറ്റിയുടെയും അടിസ്ഥാനത്തിൽ ബൈട്രാൻസ്ഫർ മുഖേന നിയമനം അനുവദിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുന്ന (Rule 8 KCS(CC&A) ഷെഡ്യൂൾ II) പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസിൽ പ്രവേശിച്ച് സ്ഥാനക്കയറ്റം ലഭിച്ച FTM കാരെ ഉൾപ്പെടുത്തി സീനിയോരിറ്റി ലിസ്റ്റ് ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർ 4/12/2014 ലെ നം:എ6/779/2014 ഡി.ഡി.ഇ നമ്പർ ഉത്തരവ് പ്രകാരം ജില്ലയിലെ 1/6/1980 മുതൽ 31/12/2005 വരെ സേവനത്തിൽ പ്രവേശിച്ചിട്ടുള്ള ജീവനക്കാരെ ഉൾപ്പെടുത്തി തയ്യാറാക്കുകയും ടി ലിസ്റ്റിൽ നിന്നും ക്ലാർക്ക്, ടൈപ്പിസ്റ്റ് തസ്തികയിലേക്ക് നിയമനം

നൽകുകയുമാണ് ചെയ്യുന്നത് എന്ന് ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

ശ്രീമതി.കെ.ബിന്ദുവിന്റെ പരാതിയോടൊപ്പം നൽകിയിട്ടുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 5/1/2015 ലെ സി1/18141/14 ലെ സർക്കുലറിൽ വ്യത്യസ്ത കാറ്റഗറിയിൽ ഉൾപ്പെടുന്ന ഓഫീസ് അറ്റെൻഡന്റ്, മീനിയൽ ജീവനക്കാർ എന്നിവരുടെ സംയുക്ത ലിസ്റ്റ് തയ്യാറാക്കി റേഷ്യോ പ്രൊമോഷനോ മറ്റു സ്ഥാനക്കയറ്റമോ നൽകരുത് എന്ന് നിർദേശിച്ചിരുന്നു. എന്നാൽ സർക്കാരിൽ നിന്നുള്ള പൊതുവിദ്യാഭ്യാസ (എൻ) വകുപ്പിന്റെ 17/03/2015 തീയതിയിലെ 20723/എൻ1/14/പൊ.വി.വ നമ്പർ കത്ത് പ്രകാരം (പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുള്ള ) വിദ്യാഭ്യാസ വകുപ്പിലെ ഫുൾടൈം മീനിയൽ 1966 ലെ കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് വിശേഷാൽ ചട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ 3/1/2014 ലെ സ.ഉ.(പി) നം.1/2014/ഉ.ഭ.പ.വ, 19/7/2014 ലെ സ.ഉ.(പി) നം.21/2014/ഉ.ഭ.പ.വ എന്നീ ഉത്തരവുകൾ പ്രകാരമുള്ള തസ്തികമാറ്റ നിയമനം നൽകുന്നതിനായി തയ്യാറാക്കുന്ന സംയോജിത സീനിയോരിറ്റി ലിസ്റ്റിൽ ടി ജീവനക്കാരേയും ഉൾപ്പെടുത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടി കത്ത് 26/03/2015 ലെ പുറത്തെഴുത്ത് കത്ത് നം.സി1/18141/14 ഡി.പി.ഐ പ്രകാരം എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്കും അയച്ചുകൊടുത്തിട്ടുണ്ട്.

ആലപ്പുഴ വിദ്യാഭ്യാസഉപഡയറക്ടറുടെ 4/12/2014 തീയതിയിൽ പ്രസിദ്ധീകരിച്ച സീനിയോരിറ്റി ലിസ്റ്റിൽ എഫ്.റ്റി.എം ജീവനക്കാരെ ഉൾപ്പെടുത്തിയെന്നതും സീനിയോരിറ്റി ലിസ്റ്റ് 31/12/2005 വരെയുള്ള ജീവനക്കാരെ മാത്രം ഉൾപ്പെടുത്തിയിട്ടുള്ളൂവെന്നതുമാണ് ശ്രീമതി.കെ.ബിന്ദുവിന്റെ പരാതി എന്ന് കാണുന്നു. 3/1/2014 ലെ ജി.ഒ.(പി) നം.1/14/പി&എ.ആർ.ഡി നമ്പർ ഉത്തരവിൽ (para 4 (ii)) താഴ്ന്ന തസ്തികയിൽ/ തസ്തികകളിൽ പ്രൊബേഷൻ പൂർത്തീകരിച്ചിരിക്കണമെന്നും ടി തസ്തികയിൽ/തസ്തികകളിൽ 3 വർഷം സേവനം പൂർത്തീകരിച്ചിരിക്കണം എന്ന് ഉത്തരവായിട്ടുണ്ട്. ആയതിനാൽ 15/2/2012 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള ശ്രീമതി.ബിന്ദു.കെ.യെ 4/12/2014 ലെ ആലപ്പുഴ ഡി.ഡി.ഇ യുടെ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താൻ കഴിയില്ല.

കൂടാതെ നിലവിലെ സീനിയോരിറ്റി ലിസ്റ്റ് നിലനിൽക്കുന്നതിനാൽ പുതുക്കിയ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും കഴിയില്ല. സീനിയോരിറ്റി ലിസ്റ്റ് തീരുന്ന മുറക്ക് ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർ പുതുക്കിയ ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതാണ്. അപ്പോൾ അർഹതയുള്ള പക്ഷം പരാതിക്കാരിയേയും ഉൾപ്പെടുത്തേണ്ടതാണ്.

ശ്രീമതി. കെ.ബിന്ദു 15/2/2012 ൽ ആണ് ഓഫീസ് അറ്റെൻഡന്റ് ആയി ജോലിയിൽ പ്രവേശിച്ചിട്ടുള്ളത് എന്നും 4/12/2014 ലെ സീനിയോരിറ്റി ലിസ്റ്റിൽ പരാതിക്കാരിയേക്കാൾ സീനിയറായ ജീവനക്കാർ ഉണ്ട് എന്നുമുള്ളതിനാൽ ജൂനിയറായ ടിയാരിക്ക് നിയമനം നൽകാൻ കഴിയുകയില്ല എന്നും ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ 15/2/2012 ൽ സർവ്വീസിൽ പ്രവേശിച്ച ശ്രീമതി.കെ.ബിന്ദുവിന്റെ അപേക്ഷ വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും കൂടിക്കാഴ്ച സമയത്ത് ഉന്നയിച്ച കാര്യങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പരാതി കക്ഷി 15/02/2012 ൽ മാത്രമാണ് ജോലിയിൽ പ്രവേശിച്ചത് എന്നുള്ളത് കൊണ്ടും 2014 ൽ സീനിയോരിറ്റി ലിസ്റ്റ്

പ്രസിദ്ധപ്പെടുത്തിയപ്പോൾ ടിയാൾക്ക് 3 വർഷം സേവനമില്ലാത്തതിനാൽ ഉൾപ്പെടുത്താൻ സാധിക്കാതിരുന്നതിനാലും, 4/12/2014 ലെ സീനിയോരിറ്റി ലിസ്റ്റിൽ ശ്രീമതി.ബിന്ദുവിനേക്കാൾ സീനിയറായ നിരവധി ജീവനക്കാർ ഉള്ളതിനാലും, ടി ലിസ്റ്റ് കഴിയാതെ പുതിയ ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമനം നടത്താന് കഴിയില്ല എന്നതിനാലും, പരാതിക്ക് അടിസ്ഥാനമില്ലായെന്ന് ബോദ്ധ്യപ്പെട്ടതിനാൽ Annexure -A6 നിരസിച്ചുകൊണ്ടും ഒ.എ. 239/2021 ലെ 1/2/2021 ലെ വിധിന്യായം നടപ്പിലാക്കികൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം)

ബിജുമോൻ ജോസഫ്
പെൻ നം : 101243
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

സ്വീകർത്താവ്

ശ്രീമതി.ബിന്ദു.കെ ,ഓഫീസ് അറ്റെൻഡന്റ്,എസ്,എൽ.പുരം .ജി.എസ്.എം .എം
ഗവ:എച്ച്.എസ്.എസ്,ആലപ്പുഴ.

പകർപ്പ്:

1 )അഡ്വക്കേറ്റ് ജനറൽ (ആമുഖ കത്ത് സഹിതം)
2)വിദ്യാഭ്യാസ ഉപഡയറക്ടർ,ആലപ്പുഴ.
3)കരുതൽ ഫയൽ

19

2565

24 MAR 2015

നം.20723/എൻ.1/14/പൊ.വി.വ.

കോപ്പി

പ്രിൻസിപ്പൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം - എയ്ഡഡ് - എൽ.ഡി.ക്ലാർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% ശതമാനം ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 29.03.2014 ലെ സി1/18141/14 ഡി.പി.ഐ നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. വിദ്യാഭ്യാസ വകുപ്പിലെ ഫുൾ ടൈം മീനിയൽ 1966 ലെ കേരള ലാസ്റ്റ് ഗ്രേഡ് സർവീസ് വിശേഷാൽ ചട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ 03.01.2014 ലെ സ.ഉ.((പി) നം.01/2014/ഉ.ഭ.പ.വ, 19.07.2014 ലെ സ.ഉ.(പി) നം.21/2014/ഉ.ഭ.പ.വ, എന്ന ഉത്തരവുകൾ പ്രകാരമുള്ള തസ്തികമാറ്റ നിയമനം നൽകുന്നതിനായി തയ്യാറാക്കുന്ന സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ ടി വിഭാഗക്കാരെയും ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ലാബ് അസിസ്റ്റന്റായി ഹയർ സെക്കൻഡറി വകുപ്പിൽ നിയമനം ലഭിച്ചവരെ പൊതു വിദ്യാഭ്യാസ വകുപ്പിലെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതില്ല എന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ

പി.കെ.അസീസ്
അഡീഷണൽ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് വേണ്ടി.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ